പത്രക്കുറിപ്പ് 18.06.2024

## ബിസിനസ് സമൂഹത്തിന്റെ വെല്ലുവിളികൾ പരിഹരിക്കുന്നതിൽ

## എ.ഐ കമ്പനികൾ ശ്രദ്ധ കേന്ദ്രീകരിക്കണമെന്ന് വിദഗ്ധൻ

### അന്താരാഷ്ട്ര ജനറേറ്റീവ് എ.ഐ കോൺക്ലേവിനു മുന്നോടിയായുള്ള

### ടെക് ടോക്ക് തിരുവനന്തപുരം ടെക്നോപാർക്കിൽ നടന്നു

**തിരുവനന്തപുരം:** ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (എ.ഐ) മേഖലയിൽ വൈദഗ്ധ്യമുള്ള കമ്പനികൾ ബിസിനസ് സമൂഹത്തിന്റെയും നേതൃത്വത്തിന്റെയും വെല്ലുവിളികൾ അഭിസംബോധന ചെയ്യുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കണമെന്ന് ഐബിഎം ഇന്ത്യ സോഫ്റ്റ്വെയർ ലാബിലെ സീനിയർ ടെക്നിക്കൽ സ്റ്റാഫ് മെമ്പർ ശ്രീനിവാസൻ മുത്തുസ്വാമി പറഞ്ഞു. സംസ്ഥാന സർക്കാർ ഐബിഎമ്മുമായി സഹകരിച്ച് സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര ജനറേറ്റീവ് എ.ഐ കോൺക്ലേവിനു മുന്നോടിയായി തിരുവനന്തപുരം ടെക്നോപാർക്കിൽ സംഘടിപ്പിച്ച ടെക് ടോക്ക് പരമ്പരയിലെ ആദ്യ പ്രഭാഷണത്തിൽ പങ്കെടുക്കുകയായിരുന്നു അദ്ദേഹം.

ജനറേറ്റീവ് എ.ഐ എടുക്കുന്ന തീരുമാനങ്ങൾ ബിസിനസ് സമൂഹത്തിന് വേണ്ടത്ര വിശദീകരിക്കാനാവില്ലെന്നും വിശ്വാസത്തോടെ എ.ഐ അളക്കുന്നതിൽ അവർ വെല്ലുവിളി നേരിടുന്നുണ്ടെന്നും ശ്രീനിവാസൻ മുത്തുസ്വാമി ചൂണ്ടിക്കാട്ടി. ജെൻ എ.ഐയുടെ സുരക്ഷയും വിശ്വാസ്യതയും ധാർമ്മിക വശങ്ങളും സംബന്ധിച്ച് ബിസിനസ് സമൂഹത്തിന് ആശങ്കയുണ്ട്. ഇത് സ്ഥാപിത താത്പര്യങ്ങൾക്ക് പ്രാധാന്യം നൽകുമെന്നും ബിസിനസ് നേതൃത്വത്തിന് അഭിപ്രായമുണ്ട്. ധാരാളം അവസരങ്ങൾ ഉള്ളതിനാൽ നൂതനത കൊണ്ടുവന്ന് അതിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ എ.ഐ സ്ഥാപനങ്ങൾക്ക് സാധിക്കണമെന്ന് അദ്ദേഹം നിർദേശിച്ചു.

ഐബിഎമ്മിലെ ജെൻ എ.ഐയുടെ നേട്ടങ്ങളെക്കുറിച്ച് ശ്രീനിവാസൻ മുത്തുസ്വാമി വിശദീകരിച്ചു. ജെൻ എ.ഐ ഉപയോഗിക്കാത്തവരുമായി താരതമ്യപ്പെടുത്തുമ്പോൾ ഉയർന്ന വൈദഗ്ധ്യമുള്ള തൊഴിലാളികളുടെ പ്രകടനം ഇത് ഏകദേശം 40 ശതമാനത്തോളം മെച്ചപ്പെടുത്തുന്നതായി അദ്ദേഹം പറഞ്ഞു. ഉപഭോക്തൃ സേവനത്തിലും ഗുണം ചെയ്യും. എ.ഐ ഗവേണൻസ്, ഡാറ്റ സങ്കീർണത, ഉയർന്ന വില, പരിമിതമായ വൈദഗ്ധ്യം, എ.ഐ മോഡൽ വികസന ഉപകരണങ്ങളുടെ അഭാവം എന്നിവയാണ് എ.ഐ പ്രയോജനപ്പെടുത്തുന്നതിൽ സ്ഥാപനങ്ങൾക്കുള്ള തടസ്സങ്ങളെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്മെന്റ് കോർപ്പറേഷൻ (കെഎസ്ഐഡിസി) ഇൻവെസ്റ്റ്മെന്റ് ആൻഡ് പ്രൊമോഷൻ അസിസ്റ്റന്റ് മാനേജർ ശ്രീദേവി എസ്. പങ്കെടുത്തു.

കൊച്ചി ഇൻഫോപാർക്കിൽ ജൂൺ 20 ന് വൈകിട്ട് 3 നും കോഴിക്കോട് സൈബർ പാർക്കിൽ ജൂൺ 21 ന് രാവിലെ 11 നും ടെക് ടോക്ക് നടക്കും.

കൊച്ചി ബോൾഗാട്ടിയിലെ ലുലു ഗ്രാൻഡ് ഹയാത്ത് ബോൾഗാട്ടി ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ ജൂലൈ 11, 12 തീയതികളിലാണ് അന്താരാഷ്ട്ര ജനറേറ്റീവ് എ.ഐ കോൺക്ലേവ് നടക്കുന്നത്. മുഖ്യമന്ത്രി, മന്ത്രിമാർ, ഐബിഎം അംഗങ്ങൾ, വ്യവസായ-ടെക്നോളജി പ്രമുഖർ, നയരൂപകർത്താക്കൾ, ഇന്നൊവേറ്റർമാർ തുടങ്ങിയവർ എ.ഐയുടെ ഭാവിയെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ പങ്കിടും.

ജനറേറ്റീവ് എഐയുടെ ഭാവി രൂപപ്പെടുത്തുന്നതോടൊപ്പം നവീകരണത്തെ പ്രോത്സാഹിപ്പിക്കുന്നതിനും നൂതന സാങ്കേതികവിദ്യകൾ സ്വീകരിക്കുന്നതിനുമുള്ള കേരളത്തിന്റെ പ്രതിബദ്ധത പ്രകടമാക്കുന്നതായിരിക്കും ഈ സമ്മേളനം. ആയിരത്തോളം പ്രതിനിധികൾ പങ്കെടുക്കുന്ന കോൺക്ലേവിലൂടെ കേരളത്തെ എ.ഐ ഡെസ്റ്റിനേഷനായി മാറ്റാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

കൂടുതൽ വിവരങ്ങൾക്കും കോൺക്ലേവിൽ രജിസ്റ്റർ ചെയ്യുന്നതിനും: https://www.ibm.com/in-en/events/gen-ai-conclave.